# സി.റ്റി. സ്റ്റഡ്

## ദൈവത്തിന്റെ ബാറ്റ്സ്മാൻ




ഗ്ലാഡ്സൺ പാറയിൽ

1

# സി.റ്റി.സ്റ്റഡ്,

## ദൈവത്തിന്റെ ബാറ്റ്സ്മാൻ

സി.റ്റി. സ്റ്റഡിന്റെ പിതാവ് എഡ്വേർഡ് സ്റ്റഡ് ബ്രിട്ടീഷ് അധിനിവേശ ഇന്ത്യയിലെ അനവധി തേയില തോട്ടങ്ങളുടെ ഉടമയായിരുന്നു. അതൊക്കെ വിറ്റ് ഇംഗ്ലണ്ടിലെ ടെഡ്വർത്തിൽ കൊട്ടാര സദൃശമായ ഭവനത്തിൽ സകല സുഖസൗകര്യങ്ങളോടുംകൂടെ ജീവിക്കുമ്പോൾ ഡി.എൽ.മൂടിയുടെ പ്രസംഗം കേട്ട് രക്ഷിക്കപ്പെട്ടു. ക്രിക്കറ്റും നായാട്ടും, പന്തയകുതിര മത്സരവും ആവേശമായിരുന്ന എഡ്വേർ സ്റ്റഡ് തന്റെ പ്രസിദ്ധമായ 20 കുതിരകളിൽ 10 എണ്ണത്തേയും വിറ്റശേഷമുള്ള ജീവിതം മിഷനറിമാർക്ക് അവസരവും, സൗകര്യവുമൊരുക്കി തന്റെ ജീവിതത്തിന്റെ മുൻഗണനകൾ തിരുത്തിക്കുറിച്ചു.




തന്റെ മക്കളായ ജോണും, ജോർജ്ജും, ചാൾസും യേശുക്രിസ്തുവിന് ജീവിതം സമർപ്പിക്കണം എന്നതായിരുന്നു തന്റെ അടുത്ത അഭിലാഷം. ഇംഗ്ലണ്ടിലെ ധനാഢ്യർ മാത്രം പഠിക്കുന്ന ഏറ്റൺ സ്കൂൾ വദ്ധ്യാർത്ഥികളാണവർ. അവധിക്കാലം ചെലവഴിക്കാൻ വീട്ടിലെത്തിയ മൂന്ന് പേരോടും അവിടെ അധിഥിയായി താമസിച്ചിരുന്ന ഒരു മിഷനറി സുവിശേഷം പങ്കുവെക്കുകയും അവർ മൂവരും കർത്താവിനെ രക്ഷിതാവായി അംഗീകരിക്കുകയും ചെയ്തു.

വീണ്ടും ജനനത്തിന്റെ പുത്തൻ ഉണർവ്വും ആവേശവുമായി സ്കൂൾ ഹോസ്റ്റലിലേക്ക് മടങ്ങിപ്പോയ അവർ അവിടെ ഒരു ബൈബിൾ ക്ലാസ് ആരംഭിക്കുകയും അത് അനേകം കുട്ടികളുടെ ആത്മരക്ഷക്ക് കാരണമായിതീരുകയും ചെയ്തു. എന്നാൽ അധികം താമസിയാതെ തന്നെ ക്രിക്കറ്റിന്റെ മാസ്മരീക ആവേശം തലക്കുപിടിച്ച സ്റ്റഡ് സഹോദരന്മാർ ക്രിസ്തുവിന്റെ കർതൃത്വത്തിൽനിന്ന് ക്രമേണ വഴുതി പോവുകയും പ്രശസ്തിക്കും, മഹത്വത്തിനും പുറകെ യാത്ര തുടരുകയും ചെയ്തു.

1879 ൽ കോളെജ് ടീം ക്യാപ്റ്റനായി തിളങ്ങിയ ചാൾസ് സ്റ്റഡിനെക്കുറിച്ച് ഒരു ഇംഗ്ലീഷ് ദിനപത്രം ഇങ്ങനെ എഴുതി. “ഹാരോ- ഏറ്റൺ മൽസരത്തിൽ ഏറ്റവും തിളങ്ങിയത് സി.റ്റി.സ്റ്റഡ് ആണ്, ഈ യുവാവ് ഒരിക്കൽ ഇംഗ്ലണ്ടിന്റെ അഭിമാനമായി മാറും.'' ഏറ്റൺ കോളെജിലെ പഠനത്തിനുശേഷം പ്രസിദ്ധമായ





TETELESTAI PUBLICATIONS


കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി ചേർന്ന ചാൾസ് അവിടെയും ക്രിക്കറ്റ് ടീമിലെ താരമായി മാറി. കേംബ്രിഡ്ജും, ജെന്റിൽമെൻ ഓഫ് ഇംഗ്ലണ്ടുമായി നടന്ന വാശിയേറിയ മൽസരത്തിൽ തങ്ങൾ നേടിയ 362 റൺസിൽ 267 ഉം ചാൾസ് സ്റ്റഡും, സഹോദരൻ ജോൺസ്റ്റഡും ചേർന്നാണ് നേടിയത്. അപ്പോൾ ലില്ലി വൈറ്റ് ക്രിക്കറ്റ് റിക്കോർഡ് ഇങ്ങനെ രേഖപ്പെടുത്തി. "ഈ ചെറുപ്രായത്തിൽ ഇത്ര മികച്ച പ്രകടനം നടത്തിയ ഒരാൾ ക്രിക്കറ്റ് ചരിത്രത്തിൽ ഉണ്ടാകുമോ എന്നത് സംശയമാണ്."

1882 ൽ ഇംഗ്ലണ്ട് സന്ദർശിച്ച ഓസ്ട്രേലിയൻ ടീം കേംബ്രിഡ്ജ് ടീമുമായി ഒരു മാച്ച് കളിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. കേംബ്രിഡ്ജ് ടീം ദയനീയമായി പരാജയപ്പെടും എന്ന് ബോദ്ധ്യം ഉണ്ടായിരുന്ന യൂണിവേഴ്സിറ്റി അങ്ങനെയൊരു നാണക്കേട് ഒഴിവാക്കാൻ ആ മാച്ച് വേണ്ട എന്ന് തീരുമാനിക്കുകയാണ് ചെയ്തത്. എന്നാൽ ടീം ക്യാപ്റ്റനായ ജോണിന്റേയും, ചാൾസിന്റേയും നിർബന്ധത്തിന് വഴങ്ങി ഒടുവിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ടീമിന്, ഓസ്ട്രേലിയയുമായി മാച്ച് കളിക്കുവാൻ അനുമതി നൽകി. പ്രതീക്ഷിച്ചിരുന്ന വമ്പൻ പരാജയത്തിനു പകരം സി.റ്റി.സ്റ്റഡ് പിച്ചിലെ മാന്ത്രീകനായി മാറുകയായിരുന്നു. ഓസ്ട്രേലിയൻ ടിം ടോസ് നേടി ബാറ്റിംഗ് ആരംഭിച്ചു. ഓപ്പണർ ആയ മാസിയുടെ ബാറ്റിൽനിന്ന് റൺസുകൾ വെടിയുണ്ടകൾ പോലെ ചീറിപാഞ്ഞുകൊണ്ടിരുന്നു. എന്നാൽ അധികം താമസിക്കുന്നതിനുമുമ്പേ ചാൾസിന്റെ ബോൾ മാസിയുടെ വിക്കറ്റ് തെറിപ്പിച്ചു. ഓസിസിന്റെ തകർച്ചയുടെ തുടക്കമായിരുന്നു അത്. കേംബ്രിഡ്ജിന്റെ രണ്ടാം ഇന്നിംഗ്സ് ആരംഭിച്ചപ്പോൾ 168 റൺസിന്റെ വിജയലക്ഷ്യമായിരുന്നു മുമ്പിലുണ്ടായിരുന്നത്. ചാൾസിന്റെ സഹോദരന്മാരായ ജോണും, ജോർജ്ജും നേടിയ 106 റൺസും മറ്റ് അംഗങ്ങളുടെ 42 റൺസും കൈമുതലായിരുന്ന കേംബ്രിഡ്ജ് ടീം ചാൾസിനെ കളിക്കളത്തിലേക്കിറക്കിയപ്പോൾ അത്ഭുതം പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ചാൾസിന്റെ ക്രിക്കറ്റ് ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരു ദിവസമായിരുന്നു അത്. തന്റെ കരങ്ങളിൽ ക്രിക്കറ്റ് ബാറ്റ് ഒരു മാന്ത്രിക വടിയായി പരിണമിക്കുകയായിരുന്നു. നിർണ്ണായകമായ 15 റൺസ് ഓസീസ് ടീമിനുമേൽ നേടി കേംബ്രിഡ്ജിനെ വിജയ കിരീടമണിയിച്ചപ്പോൾ ഇംഗ്ലണ്ടിലെ ക്രിക്കറ്റ് പ്രേമികളുടെ ഹൃദയങ്ങളിൽ ചാൾസ് തോമസ് സ്റ്റഡ് എന്ന സി.റ്റി.സ്റ്റഡ് സിംഹാസനസ്ഥനാവുകയായിരുന്നു. ഈ ചരിത്രവിജയത്തിലൂടെ ക്രിക്കറ്റ് പ്രേമികളുടെ രാജകുമാരനായി മാറിയ സ്റ്റഡിനെ ഇംഗ്ലണ്ട് ടീമിൽ തെരഞ്ഞെടുത്തു. പിന്നീട് ഓസ്ട്രേലിയയുമായി നടന്ന മറ്റൊരു കളിയിൽ അപ്രതീക്ഷിതമായ ദയനീയ തോൽവി അടഞ്ഞ ചാൾസ് ഉൾപ്പെട്ട ഇംഗ്ലണ്ട് ടീം ചാരമായെന്ന് മാദ്ധ്യമങ്ങൾ തലക്കെട്ട് നിരത്തിയപ്പോൾ ക്രിക്കറ്റ് ചരിത്രത്തിലെ ആഷസ് പരമ്പരയുടെ തുടക്കം കുറിക്കുകയായിരുന്നു.





പിന്നീടങ്ങോട്ട് പണത്തിനും, പേരിനും, പ്രശസ്തിക്കും വേണ്ടി സ്റ്റഡ് പായുകയായിരുന്നു. സുഖസൗകര്യങ്ങളും, ആഡംബരങ്ങളും, മഹത്വവും തന്നെ പിൻതുടർന്നപ്പോൾ കർത്താവിനേയും, താനെടുത്ത ആത്മീക തീരുമാനങ്ങളും പാടെ മറന്നു. ഒരിക്കൽ, താൻ വളെരെയധികം സ്നേഹിച്ച ജേഷ്ഠൻ ജോർജ്ജിന്റെ മരണശയ്യക്കരികിൽ നിന്ന് ജീവിതത്തിന്റെ നൈമിഷികതയും, യൗവ്വനമോഹങ്ങളുടെ അർത്ഥരാഹിത്യവും പുനരവലോകനം ചെയ്തപ്പോൾ നഷ്ടപ്പെടുത്തിയ 6 വർഷത്തെ ലോകമയത്വ ജീവിതത്തെക്കുറിച്ച് കുറ്റബോ




ധമുണ്ടായി. കർത്തൃകരങ്ങളിൽ തന്റെ ജീവിതത്തെ പുനപ്രഥിഷ്ഠിച്ച് താനിപ്രകാരം പറഞ്ഞു. “ദൈവമേ, കഴിഞ്ഞ 6 വർഷക്കാലം ഞാൻ തികഞ്ഞ പരാജയമായിരുന്നു. നിന്നിൽനിന്നകന്ന് പാപത്തിന്റെ വഴികളിലൂടെ ജീവിച്ചു. എന്റെ ജീവിതത്തിൽ അങ്ങേക്ക് ഒന്നാം സ്ഥാനം നൽകാൻ കഴിയാതെ ക്രിക്കറ്റിനെ സ്നേഹിച്ചു. ഞാൻ എന്റെ പാപത്തെ ഏറ്റുപറയുകയും എന്റെ ജീവിതത്തെ നിനക്കായി സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നു.’’

പിന്നീടുള്ള ദിനങ്ങളിൽ ഡി.എൽ.മൂഡിയുടെ പ്രസംഗങ്ങൾ ശ്രവിക്കാനായി തന്റെ ക്രിക്കറ്റ് സുഹൃത്തുക്കളെ നിർബന്ധിച്ചതിനാൽ അവരിൽ പലരും കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുവാൻ വഴിയൊരുങ്ങി. ഒരു പാപി നരക ശിക്ഷിയിൽനിന്നും സ്വർഗ്ഗീയ പൈതലായി മാറ്റപ്പെടുന്ന സന്തോ




ഷത്തെ ഓർത്തുകൊണ്ട് താൻ പറഞ്ഞത് ഇപ്രകാരമാണ്. “ക്രിക്കറ്റിൽ നിരവധി ചരിത്ര വിജയങ്ങൾക്ക് ഞാൻ പങ്കാളി ആയിട്ടുണ്ട്. എന്നാൽ ഒരു വ്യക്തിയെ യേശുക്രിസ്തുവിലേക്ക് നയിക്കുമ്പോൾ ലഭിക്കുന്ന സന്തോഷം അതിനോട് തുല്യമാകയില്ല.’’ സിക്സറുകൾ അടിച്ചുപറത്തുമ്പോഴും, ശക്തമായിരുന്ന വിക്കറ്റുകൾ തെറിപ്പിക്കുമ്പോഴും കേൾക്കുന്ന വമ്പിച്ച ജനാവലിയുടെ കരഘോഷങ്ങളേക്കാളധികം പിന്നീട് സ്റ്റഡിനെ പുളകിതനാക്കിതീർത്തത്, ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ കർത്താവ് തന്റെ ഹൃദയത്തിൽ മൊഴിയുന്ന “നന്ന്, നല്ലവനും വിശ്വസ്ഥനുമായ ദാസനേ’’ എന്ന മൃദുമന്ത്രണമായിരുന്നു.

ഒരിക്കൽ ചൈനയിൽ മിഷനറിയായി പ്രവൃത്തിക്കുന്ന മാക് അർതറിൽനിന്ന് ചൈനയിലെ പ്രവർത്തനങ്ങളെപ്പറ്റി കേൾക്കുവാൻ സ്റ്റഡിന് സാധിച്ചു. “ജനസംഖ്യയിൽ ലോകത്തിലെ ഏറ്റവും വലിയ രാജ്യം. നിത്യനാശത്തിലേക്കടുക്കുന്ന വലിയ ജനസമൂഹം, വിരലിലെണ്ണാവുന്ന മിഷനറിമാർ, ദൈവത്തിന് ചൈനയിലേക്ക് മിഷനറിമാരെ ആവശ്യമുണ്ട്.’’ ഈ വാക്കുകളിൽകൂടെ പരിശുദ്ധാത്മാവ് തന്റെ നിയോഗത്തെപ്പറ്റി ബോധ്യപ്പെടുത്തി. പക്ഷെ താൻ എപ്പോഴും കൂടെയുണ്ടായിരിക്കണം എന്നാഗ്രഹിക്കുന്ന രോഗിയായിരിക്കുന്ന പ്രിയ മാതാവിനെ വിട്ടുപോകുന്നതായിരുന്നു ഏറ്റവും വലിയ വിഷമം. “എനിക്ക് നിന്നെ പിരിഞ്ഞിരിക്കുവാൻ സാധിക്കുകയില്ല. എന്നെ ഉപേക്ഷിച്ച് നീ പോകരുത്.’’ എന്ന മാതാവിന്റെ യാചനാസ്വരം മറികടക്കുവാനും സ്റ്റഡിന് കഴിയുമായിരുന്നില്ല. എന്നാൽ “എന്നേക്കാൾ അധികം അപ്പനേയോ, അമ്മയേയോ പ്രീയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല’’ എന്ന തിരുവചന വാക്യത്തിലൂടെ ദൈവം സ്റ്റഡിനോട് സംസാരിച്ചു. അടുത്ത ദിവസം തന്റെ തീരുമാനം മാതാവിനോടു പറഞ്ഞു. സ്റ്റഡിന്റെ സഹോദരന്മാരും, കുടുംബാംഗങ്ങളും, സുഹൃത്തുക്കളും ഒരുപോലെ സ്റ്റഡിനെ നിരുത്സാഹപ്പെടുത്തുകയും, ഇംഗ്ലണ്ടിൽതന്നെ കർത്താവിന്റെ വേല ഫലപ്രദമായി ചെയ്യുവാൻ കഴിയുമല്ലോ എന്ന് അഭിപ്രായപ്പെടു




കയും ചെയ്തു. എന്നാൽ ചാൾസ് സ്റ്റഡിന്റെ തീരുമാനം “കർത്താവേ ഞാൻ മറ്റൊന്നിനേയും സ്നേഹിക്കുന്നില്ല. നിന്റെ കല്പനകൾ അനുസരിക്കുന്നതിന് മറ്റൊന്നും തടസ്സമായി നിൽക്കുകയില്ല.’’ എന്നതായിരുന്നു.

ഈ സമയത്ത് ചൈനയിൽ മിഷനറിപ്രവർത്തനം നടത്തുന്ന ചൈനാ ഇൻലാന്റ് മിഷന്റെ സ്ഥാപകനായ ഹഡ്സൺ ടൈലറുമായി സംസാരിക്കുവാനും അവിടുത്തെ പ്രവർത്തനത്തിന്റെ സാദ്ധ്യതകളും, വെല്ലുവിളികളും, ആവശ്യവും മനസ്സിലാക്കുവാനും ഇടയായി. ഇംഗ്ലണ്ടിന്റെ ക്രിക്കറ്റ് രോമാഞ്ചമായ സി. റ്റി. സ്റ്റഡിന്റെ ചൈനയിലേക്കുള്ള മിഷനറി ദൗത്യം യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികളുടെ ഇടയിൽ വൻ ചർച്ചാവിഷയമായി. കേംബ്രിഡ്ജിലും, ഓക്സ്ഫോർഡിലും, മറ്റ് കോളേജുകളിലും പ്രത്യേക യാത്രയയപ്പ് മീറ്റിംഗുകൾ സംഘടിപ്പിക്കപ്പെട്ടു. സ്റ്റഡിന്റെ സാക്ഷ്യം അനേക യുവജനങ്ങളുടെ വീണ്ടും ജനനത്തിന് കാരണമായി. പ്രശസ്ത്രമായ പല ഇംഗ്ലീഷ് ദിനപത്രങ്ങളും സ്റ്റഡിന്റെ ചൈനായാത്രക്ക് പ്രാഥാന്യം കൊടുത്ത് പ്രസിദ്ധീകരിച്ചു. വിക്ടോറിയാ രാജ്ഞിയുടെ ശ്രദ്ധയിൽ പോലും ആ സംഭവം പ്രാഥാന്യമുള്ളതായി തോന്നി. കേംബ്രിഡിജിലെ യാത്രയയപ്പിനുശേഷം താൻ ചരിത്രവിജയങ്ങൾ കൊയ്തെടുത്ത ക്രിക്കറ്റ് പിച്ചിനോടുള്ള വിടപറയൽ വികാരഭരിതമായിരുന്നു. പിന്നീട് തന്റെ ബന്ധുമിത്രാദികളെ ഓരോരുത്തരായി ചുബിച്ച് യാത്രപറഞ്ഞു. പ്രീയ മാതാവ് വളരെനേരം തുളുബിയ കണ്ണുകളുമായി തന്റെ പ്രീയപ്പെട്ട മകനെ ആലിംഗനം ചെയ്തു നിന്നു. പിന്നെ “നിന്റെ പിതാവിന്റെ ദൈവം നിന്നെ കാക്കുമാറാകട്ടെ.’’ എന്നാശംസിച്ചു. മമ്മിയെ സ്റ്റഡ് പ്രാർഥിച്ച് ദൈവകരങ്ങളിൽ സമർപ്പിച്ചപ്പോൾ കൂടിനിന്ന എല്ലാവരുടേയും കണ്ണുകൾ നിറഞ്ഞു. അങ്ങനെ ജീവിതം പൂർണ്ണമായി ദൈവകരങ്ങളിൽ എറിഞ്ഞുകൊടുത്ത് സഹപ്രവർത്തകരായ 6 മിഷനറിമാരോടുകൂടെ അറ്റ്ലാന്റിക്കിന്റെ ഓളപ്പരപ്പിലൂടെ ചൈനയെ ലക്ഷ്യമാക്കി നീങ്ങി. ഹഡ്സൺ ടൈലറിന്റെ ചൈന ഇൻലാന്റ് മിഷൻ പ്രവർത്തകർ സ്റ്റഡിനേയും, സുഹൃത്തുക്കളേയും സ്വീകരിക്കുവാൻ അവിടെ ഉണ്ടായിരുന്നു.



ചൈനക്കാരെ ക്രിസ്തുവിനായി നേടണമെങ്കിൽ നിങ്ങൾ അവരിലൊരാളായി മാറണം, അവരുടെ ഭാഷ, വസ്ത്രധാരണം, ഭക്ഷണം എന്നിവയെല്ലാം നിങ്ങൾ ശീലിക്കണം. ടെയിലറുടെ വാക്കുകൾ അവർ അക്ഷരപ്രകാരം അനുസരിച്ചു. പന്നിവാലുപോലെ പിറകിൽ കെട്ടിയ തലമുടിയും, പാവാടപോലെയുള്ള വസ്ത്രവും, പുഴുങ്ങിയെടുത്ത കിഴങ്ങുകളും, കുടിലുകളിലുള്ള വാസവും, മറ്റ് പ്രകൃതിയുടെ പ്രതികൂലങ്ങളും, രോഗങ്ങളും ഇംഗ്ലണ്ടിന്റെ സമ്പന്നതയിൽ വളർന്ന അവർ മനസ്സോടെ ആസ്വദിച്ചു. സ്വന്തം മാതാപിതാക്കൾക്കുപോലും തിരിച്ചറിയാൻ കഴിയാത്തവിധത്തിൽ അവർ സമൂലമായി, മനപ്പൂർവ്വം ക്രിസ്തുവിനെ ചൈനക്ക് നൽകേണ്ടതിനായി അന്നാട്ടുകാരോട് താദാത്മ്യം പ്രാപിച്ചു. അവരുടെ പ്രവർത്തന മേഘലയായ പിങ്ങ്യാങ്ങിലെത്തുവാനായി വീണ്ടും അനേകം വൈതരണികൾ തരണം ചെയ്യണമായിരുന്നു. അനേകം മൈലുകളോളം കാൽനടയായും, കഴുതപ്പുറത്തും, ചെറുതോണിയുലുമൊക്കെ യാത്ര തുടർന്നു. കാലുകളിലെ മുറിവുകൾ നഗ്നപാതനായി ചെളിയിൽ കൂടെ നടന്നതുകൊണ്ട് വൃണമായി പരിണമിച്ചു. തന്റെ വലിയ കാലിന് പാകമായ ചെരിപ്പുകൾ ചൈനയിൽ ലഭിക്കുകയില്ലായിരുന്നു. കൊടും ചൂടിൽ കാലുകൾ വെന്തുരുകി വിണ്ടുകീറി. ഒടുവിൽ പിങ്ങ്യാങ്ങിൽ ചെന്നെത്തി. സുവിശേഷം ഒരി




ക്കൽ പോലും കേട്ടിട്ടില്ലാത്ത അനേകായിരം ജനങ്ങളുടെ മുഖം സ്റ്റഡിന് ആവേശമായി. വളരെ ദൈവ കൃപയും, കർത്താവിന്റെ സഖിത്വവും അനുഭവിച്ച ദിനങ്ങളായിരുന്നു അവ. ചൈനയുടെ ഗ്രാമങ്ങളുടെ നേർക്കാഴ്ച തന്റെ ജീവിതത്തിൽ സുഖസൗകര്യങ്ങൾക്ക് ഇനിമേൽ സ്വാധീനമില്ല എന്ന് തീരുമാനിക്കുവാൻ കാരണമായി.

1887 ജനുവരി 19 ന് തനിക്ക് 25 വയസ്സ് തികഞ്ഞു. തന്റെ പിതാവ് തന്റെ പേർക്ക് എഴുതിതന്ന പിതൃസ്വത്ത് 29,000 പൗണ്ട് തനിക്ക് ലഭിച്ചു. അതിൽ ഡി.എൽ.മൂഡിക്ക് അയച്ചുകൊടുത്ത 5000 പൗണ്ട് കൊണ്ട് അദ്ദേഹം ചിക്കാഗോയിൽ മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ജോർജ്ജ് മുള്ളറിന്റെ അനാഥശാലക്കും പ്രവർത്തനങ്ങൾക്കുമായി മറ്റൊരു 5000 പൗണ്ട് നൽകി. ലണ്ടനിലെ ജോർജ്ജ് ഹോളണ്ടിനും, ഇന്ത്യയിലെ സാൽവേഷൻ ആർമ്മി പ്രവർത്തനങ്ങൾക്കുമായി 10,000 പൗണ്ട് നൽകി. 6000 പൗണ്ട് ചൈന ഇൻലാന്റ് മിഷന്റെ പ്രവർത്തനങ്ങൾക്കായും ബാക്കി 3000 പൗണ്ട് ഒരു പ്രത്യേക ആവശ്യത്തിനായും മാറ്റിവച്ചു. 25 വയസ്സായപ്പോഴേക്കും ഭൂമിയിലെ സമ്പാദ്യം മുഴുവൻ കർത്താവിന് തിരിച്ചുനൽകിയ സ്റ്റഡിനോട് തന്നെ സ്നേഹിച്ചിരുന്നവർ ചോദിച്ചു, -ഇനി എങ്ങനെ ജീവിക്കും- തന്റെ മറുപടി ഇപ്രകാരമായിരുന്നു “തന്നെ അനുഗമിക്കാൻ എന്നോട് ആവശ്യപ്പെട്ടത് ദൈവമായ യേശുക്രിസ്തുവാണ്, അവൻ വാഗ്ദത്തങ്ങളിൽ വിശ്വസ്ഥനായവനാണ്. അവനിൽ ഞാൻ പൂർണ്ണമായും ആശ്രയിക്കുന്നു'' അങ്ങനെ തനിക്കുള്ളതൊക്കേയും സുവിശേഷ പ്രവർത്തനങ്ങൾക്കായി വീതിച്ചുനൽകി താൻ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു.

പിന്നീട് തന്റെ ചൈനയിലെ പ്രവർത്തനങ്ങളിൽ ചേർന്ന് പ്രവർത്തിച്ച പ്രിസ്കില്ലയെ വിവാഹം കഴിച്ചപ്പോൾ ബാക്കിയുണ്ടായിരുന്ന 3000 പൗണ്ട് അവൾക്ക് സമ്മാനമായി നൽകി. എന്നാൽ താനും സർവ്വവും ക്രിസ്തുവിന് സമർപ്പിച്ച ദൈവപുരുഷന് സമാന ഹൃദയമുള്ളവളാണെന്ന് തെളിയിച്ചുകൊണ്ട് ആ പണവും ഇന്ത്യയിലെ സാൽവേഷൻ ആർമ്മിയുടെ സുവിശേഷവേലക്കുവേണ്ടി നൽകുവാൻ അവൾ തീരുമാനിക്കുകയായിരുന്നു.



അങ്ങനെ പൂർണ്ണമായി ദൈവത്തിലാശ്രയിച്ചുകൊണ്ട് ആ മിഷനറികുടുംബം ചൈനയെ സുവിശേഷീകരിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടു. ചൈനയിലെ സാധാരണക്കാർ വിദേശമിഷനറികളെ കാണ്ടിരുന്നത് പിശാചുക്കളെപ്പോലെയായിരുന്നു. കല്ലേറും, മർദ്ദനവും, പരിഹാസവും അവർക്ക് പരിചിതമായി മാറി. ആരും അവർക്ക് താമസിക്കുവാൻ ഒരു വീട് നൽകുവാൻ തയ്യാറായില്ല. ഒടുവിൽ പ്രേതബാധ ഉണ്ടെന്ന് ജനം കരുതിയിരുന്ന ഒരു തകർന്ന് കിടന്ന വീട് അവർക്ക് ലഭിച്ചു. കുറെ കഴിഞ്ഞപ്പോൾ അവിടെ വരൾച്ച ഉണ്ടായത് സ്റ്റഡ് കുടുംബത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണെന്ന് ആരോപിച്ച് അക്രമാസക്തരായ ജനം അവരുടെ വീട് കല്ലെറിഞ്ഞ് തകർത്തു. അതിനിടയിൽ പ്രിസ്കില്ലക്ക് ആദ്യത്തെ പ്രസവവേദന ആരംഭിച്ചു. അടുത്തെങ്ങും ആശുപത്രിയോ ഡോക്ടറോ മരുന്നോ ലഭ്യമല്ല. കർതൃകരങ്ങളിൽ ഭാര്യയെ സമർപ്പിച്ച് സ്റ്റഡ് പ്രാർത്ഥനാ നിരതനായി. ഒടുവിൽ വ്യാകുലങ്ങൾക്ക് അറുതിവരുത്തിക്കൊണ്ട് അവരുടെ ആദ്യമകൾ ജനിച്ചു. അതിനുശേഷം പ്രിസ്കില്ലയുടെ ആരോഗ്യം നഷ്ടപ്പെട്ട് മരണവക്രത്തോളമെത്തി. അന്നും സ്റ്റഡിന്റെ ഹൃദയമുരുകിയ പ്രാർത്ഥന പ്രിസ്കില്ലക്ക് സൗഖ്യം നൽകി. പിന്നീട് മാറി മാറി വന്ന വ്യത്യസ്ഥങ്ങളായ അസുഖങ്ങളാൽ ഇരുവരുടേയും ആരോഗ്യം വഷളായിക്കൊ




ണ്ടിരുന്നു. ഒരിക്കൽ സ്റ്റഡിന്റെ ശ്വാസതടസം അതികലശലായി. താൻ ഭൂമിയിൽനിന്ന് മാറ്റപ്പെടുവാൻ പോവുകയാണെന്ന് എല്ലാവർക്കും തോന്നി. എന്നാൽ ബലഹീനമായ കൈകൾ ഉയർത്തി തനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ പ്രിസ്കില്ലയോട് ആവശ്യപ്പെടുകയും അങ്ങനെ ചെയ്തപ്പോൾ അത്ഭുതകരമായ രോഗസൗഖ്യം തനിക്ക് തൽക്ഷണം ലഭിക്കുകുയും ചെയ്തു. വളരെ ആരോഗ്യം ക്ഷയിച്ചവരായി തീർന്ന ഇരുവരും ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോയി ആവശ്യമായ ചികിത്സകൾ ചെയ്യണമെന്ന് സഹപ്രവർത്തകർ നിർബന്ധിച്ചുകൊണ്ടിരുന്നു. എങ്കിലും ദൈവഹിതത്തിനായി അവർ ക്ഷമയോടെ കാത്തിരുന്നു. വ്യക്തമായ ദൈവഹിതം വെളിപ്പെട്ടപ്പോൾ 10 വർഷത്തിനുശേഷം വീണ്ടും മടങ്ങിവരാം എന്നുള്ള പ്രതീക്ഷയോടുകൂടെ ലൂഗാങ്ഫൂ ഗ്രാമം വിട്ടു. അവരെ കല്ലെറിഞ്ഞ് കൊല്ലണം എന്ന് ആരംഭത്തിൽ തീരുമാനിച്ചിരുന്ന ദേശവാസികൾ അന്ന് ആവരെ കണ്ണുനീരോടുകൂടെയാണ് യാത്രയയച്ചത്.

സ്വന്തദേശത്തെത്തിയ അവർക്ക് വിശ്രമവും, ചികിത്സയും അത്യാവശ്യമായിരുന്നു. പട്ടിണിയും, ദാരിദ്ര്യവും, കഠിനാദ്ധ്വാനവും ഇരുവരുടേയും ശരീരത്തെ മരണത്തോളം എത്തിച്ചിരുന്നു. എങ്കിലും ആത്മദാഹിയായ ആ പ്രേക്ഷിതന്റെ മനസ്സ് ഇംഗ്ലണ്ടിലെ തെരുവീഥിയിൽ കൂടെ നശിച്ചുപോകുന്ന ആത്മാക്കളെ തേടി അലയുകയായിരുന്നു. ഒരിക്കൽ ആത്മാക്കൾക്കായുള്ള ദാഹത്തെ വിശദീകരിക്കാൻ ശ്രമിച്ചതിപ്രകാരമാണ്. "യഥാർത്ഥ ക്രിസ്ത്യാനിത്വം വസൂരിപോലെയാണ്, ഒരിക്കൽ നിങ്ങളെ ബാധിച്ചുകഴിഞ്ഞാൽ അത് മറ്റുള്ളവരിലേക്ക് പകരപ്പെടും.''

അൽപ്പം ശാരീരികമായ ആശ്വാസം ഇരുവർക്കും ലഭിച്ചുകഴിഞ്ഞപ്പോൾ ഒരുദിവസം പിതാവിന്റെ സുഹൃത്തായ വിൻസെന്റ് ഇപ്രകാരം പറഞ്ഞു. "ഇന്ത്യയിൽ പോയി സുവിശേഷം അറിയിക്കണം എന്നതായിരുന്നു നിന്റെ പിതാവിന്റെ അന്ത്യാഭിലാഷം. അത് സാധിക്കാതെയാണ് അദ്ദേഹം മരിച്ചത്. നിങ്ങൾ ആ ദൗത്യം ഏറ്റെടുക്കണം.'' തന്റെ പിതാവ് സ്നേഹിച്ച ഇന്ത്യയിൽ സുവിശേഷം അറിയിക്കണം എന്ന ആഗ്രഹം സ്റ്റഡിലും മുളപൊട്ടി. ദൈവത്തിന്റെ വ്യക്തമായ നടത്തിപ്പ് ലഭിച്ചപ്പോൾ ആ മിഷനറികുടുംബം 1900 ൽ ഇന്ത്യയിൽ സുവിശേഷ ദൗത്യവുമായി കാലുകുത്തി. പിതാവ് ഇന്ത്യയിലായിരുന്നപ്പോൾ താമസിച്ച നോർത്ത് ഇന്ത്യയിലെ തിർഹൂത്തിൽ 6 മാസം സുവിശേഷ പ്രവർത്തനം ചെയ്തതിനുശേഷം ഊട്ടിയിൽ വന്ന് താമസിച്ച് പ്രവർത്തനം ആരംഭിച്ചു. ബ്രിട്ടീഷ് ഇന്ത്യയിലെ ഉന്നത ഉദ്യോഗസ്ഥരും, തോട്ടം ഉടമകളും കൂട്ടമായി താമസിച്ച സ്ഥലമായിരുന്നതിനാൽ സ്വന്തം ജനത്തോട് സുവിശേഷം പങ്കുവെക്കുവാൻ കിട്ടിയ അസുലഭ അവസരമായി ഈ സമയം താൻ പ്രയോജനപ്പെടുത്തി. "കുറഞ്ഞത് 3 പേരെയെങ്കിലും ക്രിസ്തുവിനായി നേടാത്ത ഒരാഴ്ചയും ആ സമയത്ത് ഞങ്ങൾക്കുണ്ടായിട്ടില്ല.'' എന്നാണ് പ്രിസ്കില്ല ഊട്ടിയിലെ ജീവിതത്തെപറ്റി പറഞ്ഞത്. എന്നാൽ ഒഴിവുസമയങ്ങളിൽ ക്രിക്കറ്റ് കളിയിൽ മുഴുകിയിരിക്കുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരോട് സുവിശേഷം പങ്കുവെക്കുവാൻ അവസരം ലഭിക്കാതെയിരുന്ന സ്റ്റഡിന്റെ മുമ്പിൽ അവരുമായി ഇട






പഴകാൻ കണ്ട അവസരം എന്നത് അവരോടൊപ്പം ക്രിക്കറ്റ് കളിക്കുക എന്നത് മാത്രമായിരുന്നു. അങ്ങനെ അനേക വർഷങ്ങൾക്കുമുമ്പ് സുവിശേഷത്തിനായി താൻ താഴെവെച്ച ക്രിക്കറ്റ് ബാറ്റ്, സുവിശേഷത്തിനുവേണ്ടി തന്നെ സ്റ്റഡ് കരങ്ങളിലെടുത്തു. ദൈവം തന്റെ ദാസന് വീണ്ടും, ശരീരബലവും കഴിവും നൽകി. അവരുടെ മുമ്പിൽ ഇരട്ട സെഞ്ച്വറി നേടി മിന്നും പ്രകടനം കാഴ്ചവച്ച് കളിക്കാരെ അമ്പരപ്പിച്ചു. ഇങ്ങനെ തനിക്ക് ലഭിച്ച അംഗീകാരം പ്രയോജനപ്പെടുത്തി അവരോട് വ്യക്തിപരമായി സുവിശേഷം പങ്കുവെക്കുവാനും, ഉന്നത ഉദ്യോഗസ്ഥരടക്കം വളരെപ്പേരെ രക്ഷയിലേക്ക് നയിക്കുവാൻ സ്റ്റഡിനും കുടുംബത്തിനും വെറും ആറ് വർഷം കൊണ്ട് കഴിഞ്ഞു.

ഊട്ടിയിലെ ജീവിതം തനിക്ക് അവിസ്മരണീയമായി തീരുവാൻ മറ്റൊരു കാരണം കൂടെയുണ്ടായിരുന്നു. തന്റെ നാല് പെൺമക്കളേയും ഒരു സഭാശുശ്രൂഷകനെന്ന നിലക്ക് സ്നാനപ്പെടുത്തുവാനുള്ള അസുലഭ അവസരം ഈ സമയത്ത് തനിക്ക് ലഭിച്ചു. ഈ സമയത്തെക്കുറിച്ച് പിന്നീട് താൻ പറഞ്ഞത് ഇപ്രകാരമാണ്. "എന്റെ നാല് മക്കളും കർത്താവിന്റെ ഭാഗത്തായിരിക്കുന്നു എന്നത് എനിക്ക് വിവരിക്കാനാകാത്ത സന്തോഷം പകർന്ന് നൽകുന്നു. ആ ഒറ്റ കാരണത്താൽ മാത്രം പോലും എന്റെ ശരീരവും മനസ്സും രക്ഷകനായ യേശുക്രിസ്തുവിനോട് കടപ്പെട്ടിരിക്കുന്നു.''

പിന്നീട് തിരിച്ച് ഇംഗ്ലണ്ടിലെത്തിയതിനുശേഷം ഒരിക്കൽ "നരഭോജികൾക്ക് മിഷനറിമാരെ ആവശ്യമുണ്ട്'' എന്ന നോട്ടീസ് സ്റ്റഡിന്റെ ശ്രദ്ധയിൽ പെട്ടു. ഡോക്ടർ കാൾ കൂം എന്ന വനിത ആഫ്രിക്കൻ ഗ്രാമങ്ങളുടെ ശോചനീയമായ അവസ്ഥയെ വിവരിച്ച് സുവിശേഷീകരണത്തിന്റെ അനിവാര്യത ഓർമ്മപ്പെടുത്തിയപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആഫ്രിക്കൻ വനാന്തരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ വ്യക്തമായ നിർദ്ദേശം നൽകുകയായിരുന്നു. ദൈവത്തോട് അനുസരണക്കേട് കാണിക്കുവാൻ ആഗ്രഹിക്കാത്ത തന്റെ മുമ്പിൽ പ്രതികൂലങ്ങളുടെ ഒരു കൂമ്പാരം പിശാച് ഒരുക്കി. ശാരീരിക ബലഹീനതകൾ അനവധി ഉള്ള സ്റ്റഡിനെ ആഫ്രിക്കയിലേക്കയക്കുന്നതിന് തന്റെ സുഹൃത്തുക്കളും ബന്ധുക്കളും അനുമതി നൽകിയില്ല. "ആഫ്രിക്കയിലേക്കുള്ള യാത്രക്കാവശ്യമായ ആരോഗ്യം സ്റ്റഡിന് ഉണ്ടെന്ന് ഒരു ഡോക്ടർ സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ, തങ്ങൾ അതിന് അനുവദിക്കുകയുള്ളൂ.'' എന്ന് അവർ ഒരു നിർദ്ദേശം വച്ചു. എന്നാൽ അനുകൂലമായ മെഡിക്കൽ സെർട്ടിഫിക്കറ്റിനു പകരം, തെക്കൻ സുഡാനിൽകൂടെയുള്ള യാത്ര 50വയസ്സ് പ്രായമുള്ള, കടുത്ത ആസ്മാരോഗിയായ സ്റ്റഡിന്റെ ജീവനുപോലും ഭീഷണിയാണെന്ന മുന്നറിയിപ്പാണ് നൽകിയത്.




ഇതോടെ തന്റെ കുടുംബവും, സ്നേഹിതരും, സാമ്പത്തീക സഹായം വാഗ്ദാനം ചെയ്തിരുന്ന കമ്മറ്റിക്കാരും സ്റ്റഡിനെതിരെ അണിനിരന്നു. പക്ഷെ ദൈവം എപ്പോഴും തന്റെ അന്തരാത്മാവിൽ "എനിക്ക് വേണ്ടി, ആഫ്രിക്കയിലേക്ക് പോവുക.'' എന്ന് മന്ത്രിച്ചുകൊണ്ടിരുന്നു. ഒടുവിൽ ചൈനയിൽ വെച്ച് തന്റെ സമ്പാദ്യമെല്ലാം ത്യജിച്ചവനായ സ്റ്റഡ്, ഇപ്പോൾ തന്റെ ജീവൻ ആഫ്രിക്കക്കുവേണ്ടി ത്യജിക്കുവാൻ തീരുമാനമെടുത്തു. "എന്റെ നിമിത്തം ഒരുവൻ തന്റെ ജീവനെ നഷ്ടമാക്കിയാൽ അവൻ അതിനെ കണ്ടെത്തും'' എന്ന ക്രിസ്തുവിന്റെ വാക്കുകൾ സ്റ്റഡിന് ആവേശമായിരുന്നു. തന്നെ നിരുത്സാഹപ്പെ




ടുത്തുന്ന സ്നേഹിതരോട് താനിപ്രകാരം പറഞ്ഞു. “ദൈവം എന്നോട് ആഫ്രിക്കയിലേക്ക് പോകുവാൻ കൽപ്പിക്കുന്നതുകൊണ്ട് ഞാൻ അനുസരിക്കേണ്ടിയിരിക്കുന്നു. അവിടെ എന്നെ കാത്തിരിക്കുന്നത് ശവക്കുഴിയാണെങ്കിലും ഞാൻ അത് സന്തോഷത്തോടെ സ്വീകരിക്കും.'' രോഗിയായിരിക്കുന്ന പ്രിസ്കില്ലക്കും, വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന മക്കൾക്കും തന്നെ അനുഗമിക്കുവാൻ സാദ്ധ്യമല്ല. അവരെ പിരിഞ്ഞിരിക്കുന്നത് തനിക്ക് ചിന്തിക്കുവാൻ പോലും അസാദ്ധ്യമായിരുന്നു. ആഫ്രിക്കയിലേക്കുള്ള കപ്പൽ ടിക്കറ്റിന് പണം സ്വരൂപിക്കുവാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല എന്ന് വ്യാകുലപ്പെട്ടിരിക്കുമ്പോൾ അത്ഭുതകരമായി ഒരു യോഗാനന്തരം ഒരു വ്യക്തി 10 പൗണ്ട് തനിക്ക് നൽകി. സന്തോഷം കൊണ്ട് തുള്ളിച്ചാടിയ സ്റ്റഡ് അപ്പോൾ തന്നെ ആഫ്രിക്കയിലേക്ക് ടിക്കറ്റ് ബുക്ക് ചെയ്തു. അങ്ങനെ 1910 ഡിസംബർ 15-ാം തീയതി കർത്താവിന്റെ ബലമുള്ള കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് ആഫ്രിക്കയിലേക്ക് യാത്രയായി. ആ കപ്പൽ യാത്രയിൽ ദൈവം തനിക്ക് നൽകിയ വാഗ്ദത്തം ആയിരുന്നു, “നിന്റെ ഈ യാത്ര ആഫ്രിക്കക്ക് വേണ്ടി മാത്രമുള്ളതല്ല, സുവിശേഷം എത്താത്ത ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വേണ്ടിയുള്ളതാണ്.'' ആ വാഗ്ദത്തത്തിന്റെ നിവൃത്തിയായിരുന്നു താൻ പിന്നീട് തുടക്കമിട്ട വേൾഡ് വൈഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡ്.

സുഡാനിലെ കാർത്തൂമിലെത്തിയ സ്റ്റഡ് അവിടെനിന്നും പ്രിസ്കില്ലയെ ധൈര്യപ്പെടുത്തികൊണ്ട് എഴുതിയ കത്തുകളിൽ നിറഞ്ഞുനിന്നത് തന്റെ ആത്മഭാരവും, ദൈവാശ്രയവുമാണ്. “പ്രീയപ്പെട്ട പ്രിസ്കില്ല, നമ്മുടെ തൽക്കാലത്തേക്കുള്ള വേർപിരിയൽ നല്ലതിനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിലൂടെയും ദൈവനാമം മഹത്വപ്പെടട്ടെ. നിന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ട് നാം ഒരുമിച്ച് ക്രിസ്തുവിനു വേണ്ടി പോരാടാം എന്ന് ഉറച്ചുവിശ്വസിക്കുന്നു. നമ്മുടെ നാല് മക്കളും സുവിശേഷ പോർകളത്തിൽ ധീരയോദ്ധാക്കളായി യത്നിക്കുന്ന കാഴ്ച ഞാൻ വിശ്വാസ കണ്ണുകളാൽ ദർശിക്കുന്നു. എന്റെ തലച്ചോറിനേയും, ഹൃദയത്തേയും ചൂടുപിടിപ്പിക്കുന്ന ആത്മീയ കുരിശുയുദ്ധം ഞാൻ ആരംഭിച്ചിരിക്കുന്നു. ഞാൻ ഇപ്പോൾ ജീവിക്കുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താലും ദൈവത്തിന്റെ ശക്തിയാലുമാണ്.'' എന്നിപ്രകാരമായിരുന്നു തന്റെ കത്തുകൾ ഓരോന്നും.

വീണ്ടും ആഫ്രിക്കയുടെ ഹൃദയ ഭാഗത്തേക്ക്, ദൈവം എന്നുപോലും കേൾക്കാത്ത അപരിഷ്കൃതരായ, നരഭോജികൾ പാർക്കുന്ന ബെൽജിയൻ കോംഗോയിലേക്ക് താൻ യാത്രയാരംഭിച്ചു. കാൽനടയായും, കഴുതപ്പുറത്തും സഞ്ചരിച്ച്, മലേറിയയാലും മറ്റ് പകർച്ചവ്യാധികളാലും ഭാരപ്പെട്ട്, ആസ്മാ രോഗത്താൽ ക്ഷീണിതനായി താൻ കോംഗോയുടെ ഹൃദയം തേടി യാത്ര തുടർന്നു. കാട്ടുമൃഗങ്ങളും, കാട്ടുജാതിക്കാരും ജീവന് ഭീഷണിയായി കൂടെയുണ്ടായിരുന്നു.



ഒരിക്കൽ ഒരു യുവാവ് തന്നോട് ചോദിച്ചു. “താങ്കൾക്ക് വയസ്സ് 52, ഭാര്യയും രോഗിയാണ്. ഈ അവസ്ഥയിൽ പെൺമക്കളേയും ഭാര്യയേയും, രാജ്യത്തേയും വിട്ട്പിരിഞ്ഞ് ആഫ്രിക്കയിലേക്ക് മിഷനറിയായി വരുവാനുള്ള പ്രചോദനമെന്താണ്?''ക്രിസ്തുവിന്റെ സ്നേഹത്താൽ ആവേശഭരിത







TETELESTAI PUBLICATIONS

നായി, അനേകം മിഷനറിമാർക്ക് ധൈര്യം പകർന്ന മറുപടിയായിരുന്നു തന്റെ നാവിൽ നിന്നും പുറപ്പെട്ടത്. “യേശുക്രിസ്തു ദൈവമെങ്കിൽ, അവൻ എനിക്ക് വേണ്ടിയാണ് മരിച്ചതെങ്കിൽ, ഞാൻ അവനു വേണ്ടി ചെയ്യുന്ന ഒരു ത്യാഗവും അധികമാവുകയില്ല.'' സ്റ്റഡിൽ നിന്നും ആവേശമുൾകൊണ്ട കേവലം 21 വയസ്സ് പ്രായമുള്ള ആൽഫ്രഡ് ബി. ബൂക്സ്റ്റൺ എന്ന യുവാവ് തന്റെ വൈദ്യശാസ്ത്ര പഠനം പാതി വഴിയിൽ ഉപേക്ഷിച്ച് സ്റ്റഡിനോടൊപ്പം ദുഖകരമെങ്കിലും, മഹാപ്രതിഫലമുള്ള വേലയിൽ വ്യാപൃതനായിതീർന്നു.

സ്റ്റഡിന്റെ ജീവിതത്തിൽ പിശാചിന്റെ ഭീതിപ്പെടുത്തുന്ന പ്രവൃത്തന തന്ത്രങ്ങളും ഭീഷണികളും അനവധി നേരിടേണ്ടി വന്നെങ്കിലും ദൈവം തന്റെ ഓമന പുത്രനെ ഉള്ളം കരത്തിൽ വഹിക്കുകയായിരുന്നു. ഒരിക്കൽ കൂടാരത്തിൽ കിടന്നുറങ്ങിയ സ്റ്റഡും, ബൂക്സ്റ്റണും കൂടാരത്തിന് തീ പിടിച്ചിരിക്കുന്നതുകണ്ട് ഞെട്ടിയുണർന്നു. ഒരു വിധത്തിൽ ജീവഹാനി സംഭവിക്കാതെ പുറത്തുകടന്നു. അൽപ്പസമയത്തിനുള്ളിൽ കൂടാരവും തങ്ങളുടെ സാധനങ്ങളും ഒരുപിടി ചാരമായി മാറി. മറ്റൊരിക്കൽ മഴ തകർത്തുപെയ്യുകയായിരുന്നു. കൂടാരം തടാക കരയിലായതിനാൽ താടകത്തിൽ നിന്നും ചീങ്കണ്ണികൾ കൂടാരത്തിലേക്ക് കയറുവാൻ ആ രാത്രിമുഴുവൻ പരിശ്രമിച്ചുകൊണ്ടേയിരുന്നു. അങ്ങനെ ഭീതിപ്പെടുത്തുന്ന വിജനതയിലും, കൂരിരുട്ടിലും ചീങ്കണ്ണികളോടൊത്ത് രാത്രി കഴിച്ചുകൂട്ടി. ഒരു പ്രഭാതത്തിൽ ഉണർന്ന സ്റ്റഡ് കണ്ടത് തന്നോടൊപ്പം കിടക്കയിൽ സുഖസുഷുപ്തിപൂണ്ട ഉഗ്രവിഷമുള്ള സർപ്പത്തേയാണ്. അങ്ങനെ ഓരോ ദിവസവും പ്രതികൂലങ്ങളുടെ നടുവിൽ സംരക്ഷിക്കുന്ന കർത്താവിന്റെ കരുതൽ ഓർത്ത് ദൈവത്തെ സ്തുതിക്കുവാൻ സ്റ്റഡിന് മതിയായ കാരണങ്ങൾ ഉണ്ടായിരുന്നു.

ബെൽജിയൻ കോംഗോയിലെ ആളുകൾ നിന്നെ കൊലപ്പെടുത്തും എന്ന പരിചയ സമ്പന്നരുടെ വാക്കുകൾക്ക് സ്റ്റഡിന്റെ മറുപടി “ഞാൻ അതും ക്രിസ്തുവിനുവേണ്ടി അനുഭവിക്കാൻ തയ്യാറാണ് എന്നതായിരുന്നു.'' ഒരു ദിവസം നട്ടുച്ചക്കുപോലും സൂര്യരശ്മികൾ ഭൂമിയിൽ സ്പർശിക്കാത്ത നിബിഡ കോംഗോ വനത്തിലൂടെ സ്റ്റഡും ബൂക്സ്റ്റണും യാത്രചെയ്യുകയായിരുന്നു. നന്നേ ക്ഷീണിച്ച സ്റ്റഡ് ഒരു മരത്തടിയിൽ ഒന്നിരുന്ന് വിശ്രമിച്ചു. പെട്ടന്ന് ഒരു നരഭോജി തനിക്കൊന്ന് ഞരങ്ങുവാൻ പോലും അവസരം നൽകാതെ ബന്ധനസ്ഥനാക്കി തോളിലേറ്റി അവരുടെ തലവന്റെ മുമ്പിൽ നിർത്തി. അയാൾ സ്റ്റഡിനെ ഒന്നു നോക്കി, ആത്സമാ രോഗത്താൽ എല്ലുന്തി, ബലഹീനനായ ഒരു മനുഷ്യൻ. “ഇയാളെ ആർക്കുവേണം. ഈ മനുഷ്യനെ വിട്ടയക്കുക'' ഗോത്രമൂപ്പൻ പുച്ഛസ്വരത്തിൽ പറഞ്ഞു. അങ്ങനെ പലതവണ നരഭോജികളുടെ കൈയ്യിൽ അകപ്പെട്ട് മരണം മുഖാമുഖം നിന്നപ്പോഴും, അവർക്ക് സ്റ്റഡിനോട് ദയതോന്നത്തക്കവണ്ണം കർത്താവ് അവരുടെ ഹൃദയത്തിൽ പ്രവൃത്തിക്കുകയായിരുന്നു. ആഫ്രിക്കയിലെ നയൻഗാറയിൽ തമ്പടിച്ച് അവിടെ മിഷൻ പ്രവർത്തനം ആരംഭിച്ച സ്റ്റഡും ബൂക്സ്റ്റണും അവരുടെ കുടിലിന് പേരിട്ടത് ബെക്കിംഗ്ഹാം പാലസ് എന്നായിരുന്നു. അവരുടെ സുവിശേഷ ഘോഷണങ്ങളുടെ അവസാനം കൊടിയ പാപികളും, പിശാച് ബാധിച്ചവരും രക്ഷിക്കപ്പെട്ട് വലിയ നിലവിളിയോടെ ക്രൂശിൽ അഭയം തേടുന്നത് സാധാരണ കാഴ്ചയായിരുന്നു. “എന്റെ പിതാവ് ഒരു മനുഷ്യനെ കൊന്നു, ഞാനും പിതാവും ചേർന്ന് അയാളെ ഭക്ഷിച്ചു.'' “എന്റെ സഹോദരനെ കൊന്നുതിന്ന





ഒരാളെ ഞാനും പിതാവും ചേർന്ന് കൊന്നുതിന്നു'' എന്നൊക്കെ പാപങ്ങൾ ഏറ്റുപറയുന്നവർ സാധാരണമായിരുന്നു. നിദ്രാവിഹീനങ്ങളായ ഏറെ രാവുകളിലെ അദ്ധ്വാനത്തിനൊടുവിൽ, ഗോത്രവർഗ്ഗക്കാരുടെ അപരിഷ്കൃതമായ ബംഗ്ലാ ഭാഷയെ പരിപോഷിപ്പിച്ച് അക്ഷരമാലയും, വ്യാകരണവും ഉണ്ടാക്കി. വീണ്ടും തുടർന്ന കഠിനാദ്ധ്വാനത്തിനൊടുവിൽ പുതിയനിയമ വേദപുസ്തകം അവരുടെ സ്വന്തം ഭാഷയിൽ അവർക്കുനൽകാൻ സ്റ്റഡിനെ ദൈവം ബലപ്പെടുത്തി.


ഒരിക്കൽ പ്രിസ്കില്ലക്ക് താൻ എഴുതി. "ഇവിടുത്തെ പ്രവർത്തനം അത്ഭുതകരമാണ്. എന്റെ എല്ലാ ധാരണകൾക്കും അതീതമായി ദൈവത്തിന്റെ വിരൽ സ്പർശം ഞാനിവിടെ കാണുന്നു. മൂന്നര വർഷം മുമ്പ് പാപത്തിൽ മുങ്ങിത്താഴുന്ന ഒരു ജനതയെയാണ് ഞാനിവിടെ കണ്ടത്. എന്നാൽ ഇന്ന് രക്ഷിക്കപ്പെട്ട നൂറുകണക്കിനാളുകൾ കർത്താവിനെ ആരാധിക്കുന്നു. സുവിശേഷത്തിന്റെ വാതിലുകൾ എല്ലായിടവും തുറക്കപ്പെടുന്നു. ഇവിടെ ഇരുട്ടുമൂടിയ വനാന്തരത്തിൽനിന്ന് ദൈവത്തെ പാടിസ്തുതിക്കുന്ന ശബ്ദം സ്വർഗ്ഗത്തിലേക്കുയരുമ്പോൾ എന്റെ ഹൃദയം സന്തോഷത്താൽ തുള്ളുകയാണ്. ഇന്ന് ഇവിടെ 1500 കറുത്തവർഗ്ഗക്കാരാണ് 10 മണിക്കൂർ നടന്ന് ദൈവവചനം ശ്രവിക്കുവാൻ എത്തിയത്.''

ഇംഗ്ലണ്ടിൽ രോഗക്കിടക്കയിൽ ആയിരുന്നു എങ്കിലും ആഫ്രിക്കയിലെ പ്രവർത്തനത്തെ ഓർത്തുകൊണ്ട് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്ന പോരാളികളെ വാർത്തെടുക്കാൻ പ്രിസ്കില്ലക്കും കഴിഞ്ഞു. ഭർത്താവിന്റെ ഭാരിച്ച മിഷൻ പ്രവർത്തനങ്ങളും, ആത്മഭാരവും ഓർത്തുകൊണ്ട് അനേകരിൽ പ്രാർത്ഥനയുടെ ആവശ്യബോധം ജനിപ്പിക്കുവാനും അവൾക്കായി. സ്റ്റഡ് ദമ്പതികളുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു അവരുടെ നാല് പെൺമക്കളും തങ്ങളുടെ പാത പിൻതുടർന്ന് മിഷനറി പോരാളികളായി ജീവിക്കുന്നത് കാണണം എന്നത്. ആ ആഗ്രഹം സാധിച്ചെടുക്കുവാൻ തക്കവണ്ണം അവരെ ആത്മീക ദർശനമുള്ളവരായി വളർത്തിയെടുക്കുവാൻ പ്രിസ്കില്ലക്ക് സാധിച്ചു എന്നത് അവളുടെ മഹത്വവും ദൈവത്തിന്റെ കൃപയുമാണ്.



പിന്നിട്ട വഴികളെ ഓർത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്റ്റഡ് ഇപ്രകാരം പറഞ്ഞു. "40 വർഷം മുമ്പ് ദൈവ കല്പനയാൽ ഞാൻ എന്റെ മാതാവിനേയും, സഹോദരങ്ങളേയും, സുഹൃത്തുക്കളേയും, സമ്പത്തിനേയും ഉപേക്ഷിച്ച് സുവിശേഷ വയലിലേക്കിറങ്ങി. അന്ന് അനേകർ എന്നെ വിഡ്ഢി എന്നുവിളിച്ചു. എന്നാൽ എന്നെ പരിഹസിച്ചവരാണ് ഇന്ന് വിഡ്ഢിയായി തീർന്നിരിക്കുന്നത്. മനുഷ്യ ശബ്ദത്തിന് കാതോർത്തിരുന്നു എങ്കിൽ സി.റ്റി. സ്റ്റഡ് എന്ന മിഷനറി ഉണ്ടാകുമായിരുന്നില്ല.''

1923 ആയപ്പോഴേക്കും സ്റ്റഡിന്റെ ആവേശം ഉൾകൊണ്ട 40 മിഷനറിമാർ ആഫ്രിക്കയുടെ ഗ്രാമപ്രദേശങ്ങളിൽ സുവിശേഷ ദൂതുമായി പിശാചിനെതിരെ ആത്മീക യുദ്ധത്തിൽ ഏർപ്പെട്ടവരായി ഉണ്ടായിരുന്നു. മാത്രമല്ല ആമസോൺ വനാന്തരത്തിലേക്കും, ടിബറ്റ് വരെ നീളുന്ന ഹിമാലയൻ മലനിരകളിലേക്കും, അറേബ്യൻ നാടുകളിലേക്കും തന്നാൽ സ്ഥാപിതമായ വേൾഡ് വൈഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡ് മുഖാന്തരം ദൈവത്തിന്റെ ഹൃദയമറിയുന്ന സമർപ്പണമുള്ള ദാസന്മാരെ അയക്കുവാൻ ദൈവകൃപയാൽ കഴിഞ്ഞു. സ്റ്റഡിന്റെ മിഷനറി ദർശനം




കേവലം, രക്ഷിക്കപ്പെടുത്തൽ കൊണ്ട് അവസാനിക്കുന്നതായിരുന്നില്ല. "നാം പാട്ടുപാടുന്നതിലും, ആരാധിക്കുന്നതിലും മാത്രം സംതൃപ്തിയടയുന്നു. എന്നാൽ നാം ആത്മാവിന്റെ ഫലം പുറപ്പെടുവിക്കാതെയിരുന്നാൽ എന്താണ് പ്രയോജനം. ക്രിസ്തുവിന്റെ ആത്മാവ്, വിശുദ്ധിയുടേയും, ത്യാഗത്തിന്റേയും, സേവനത്തിന്റേയും ആത്മാവാണ്. ആ ആത്മാവിൽ നമുക്ക് നിറയുവാൻ സാധിക്കണം''. എന്ന് തന്റെ സഹപ്രവർത്തകരെ എപ്പോഴും ഉത്തോതിപ്പിക്കുമായിരുന്നു. കോംഗോയിലെ കറുത്ത വർഗ്ഗക്കാരിൽ നിന്നും തന്നെ ചിലർ പ്രേക്ഷിതവേലക്കായി തങ്ങളെതന്നെ സമർപ്പിച്ചത്, സ്റ്റഡിന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷദായകമായ വസ്തുതയും, അനേക നാളുകളിലെ പ്രാർത്ഥനയുടെ മറുപടിയും ആയിരുന്നു. "ഒരു വ്യക്തിയെ രക്ഷയിലേക്ക് നയിക്കുക മാത്രമല്ല, അയാളെ വിശുദ്ധനും, യേശുക്രിസ്തുവിന്റെ പടയാളിയും, അനേകരെ രക്ഷയിലേക്ക് നടത്തുന്നവനുമായി ഉയർത്തേണ്ടതുമുണ്ട്.'' എന്ന തന്റെ ദർശനം സഫലമാകുകയായിരുന്നു.


1925 ൽ തന്റേയും, സഹപ്രവർത്തകരുടേയും ജീവിതത്തിൽ വീണ്ടും ആത്മീക പുതുശുക്തിക്കും, ആത്മ നിറവിനും വേണ്ടിയുള്ള ഭാരം ഉണ്ടായി. അവർ എട്ടുപേർ ഒരുമിച്ചുകൂടി എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിലെ വിശ്വാസ വീരന്മാരുടെ ജീവിതങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് പ്രാർത്ഥിക്കുവാനായി മണിക്കൂറുകൾ ചെലവഴിച്ചു. പെട്ടന്ന് പരിശുദ്ധാത്മാവിന്റെ നിറവ് അവരുടെ ജീവിതത്തിൽ അനുഭവിക്കുവാനിടയായി. അവർ തങ്ങളുടെ ജീവിതങ്ങളെ കർത്താവിന്റെ കരങ്ങളിൽ ഒരു പ്രാവശ്യം കൂടെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട്, "ഞങ്ങൾ നശിക്കുന്നു എങ്കിൽ നശിക്കട്ടെ, ജീവിച്ചാലും മരിച്ചാലും കർത്താവിനായി, അവന്റെ ഹിതം നിറവേറ്റാം'' എന്ന് പ്രതിജ്ഞ ചെയ്തു.



1930 ൽ ബൽജിയൻ രാജാവ് സ്റ്റഡിന്റെ കോംഗോയിലെ ത്യാഗപൂർണ്ണമായ മിഷനറിപ്രവൃത്തനങ്ങളെ മാനിച്ചുകൊണ്ട് "ഷെവലിയർ ഓഫ് ദി റോയൽ ഓർഡർ ഓഫ് ദി ലയൺ'' എന്ന ബഹുമതി നൽകി ആദരിച്ചു.

ബ്വാനാ മുക്കുബാ (സ്റ്റഡിന്റെ ആഫ്രിക്കൻ ഓമനപ്പേര്) യുടെ വീട് മുളകൊണ്ട് ഉണ്ടാക്കിയതായിരുന്നു. പുല്ലുകൊണ്ടുള്ള മേൽക്കൂരയും, മണ്ണുകൊണ്ടുള്ള തറയും. ഗ്രാമമുഖ്യൻ സമ്മാനിച്ച ഒരു കട്ടിലും, ചെറിയൊരു മേശയും, ബുക്കുകൾ അടുക്കിവെക്കുന്ന ഒരു ഷെൽഫുമായിരുന്നു ആകെ ഫർണ്ണിച്ചറുകൾ. നാല് മണിക്കൂർ മാത്രം ഉറക്കത്തിനായി മാറ്റിവെച്ച സ്റ്റഡിന്റെ ജീവിതം വിശ്രമരഹിതമായിരുന്നു. രാവിലെ 3 മണിക്കെഴുന്നേറ്റ് പ്രാർത്ഥനക്കും, ധ്യാനത്തിനും, പഠനത്തിനും ചെലവഴിക്കുന്ന സ്റ്റഡിന്റെ ആത്മീക ശക്തിയുടെ രഹസ്യം മറ്റൊന്നായിരുന്നില്ല. എല്ലാ ദിവസവും രാവിലെ 3 മണിക്കൂർ നീണ്ട പ്രാർത്ഥനായോഗത്തിന് ശേഷമായിരുന്നു അന്നാട്ടിലെ ഗോത്രവർഗ്ഗക്കാർ അവരുടെ പണിക്കായി പോയിരുന്നത്. ലോകവ്യാപകമായി നടക്കുന്ന മിഷൻ പ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്കുകളും, കത്തിടപാടുകളും, മിഷനറിമാരുടെ പ്രശ്നങ്ങളുമൊക്കെ കൂടാതെ ദിവസവും വൈകിട്ട് നടക്കുന്ന മിഷനറിമാരുടെ 2 മണിക്കൂർ നീണ്ട യോഗങ്ങളും കൂടെ തന്റെ ജീവിതത്തെ ക്ലേശകരമാക്കി.






1928 ൽ പ്രിസ്കില്ല സ്റ്റഡിന്റെ കുടിലിൽ ഇബാംബിയിലെത്തി. 13 വർഷത്തിനിടയിൽ അവർ ഒരുമിച്ചായിരുന്ന ദിവസങ്ങൾ അത് മാത്രമായിരുന്നു. എന്നാൽ രണ്ടാഴ്ചക്കുശേഷം കാലാവസ്ഥയുടെ പ്രതികൂലങ്ങൾ നിമിത്തം പ്രിസ്കില്ലക്ക് തിരിച്ച് പോകേണ്ടിവന്നു. അങ്ങനെ ദൈവകരങ്ങളിൽ തങ്ങളെ പൂർണ്ണമായി സമർപ്പിച്ച ആ ദമ്പതികൾ പരസ്പരം പ്രാർത്ഥിച്ച് ജീവിതത്തിൽ അവസാനമായി വേർപിരിഞ്ഞു. വിവാഹ ദിവസം അവർ പരസ്പരം എടുത്ത "കർത്താവിനെ സേവിക്കുന്നതിൽ ഞങ്ങൾ അന്യോന്യം തടസ്സം നിൽക്കുകയില്ല'' എന്ന തീരുമാനം അന്ത്യത്തോളം കാക്കാൻ അവർ ശ്രദ്ധിച്ചിരുന്നു.

1931 ആയപ്പോഴേക്കും സ്റ്റഡിന്റെ ആരോഗ്യനില തീർത്തും മോശമായി. എന്നാലും ശുശ്രൂഷകൾ ഒരു ദിവസം പോലും മുടക്കാൻ ആഗ്രഹിക്കാത്ത തന്നെ, സഹോദരന്മാർ കസേരയിലിരുത്തി എടുത്തുകൊണ്ട് വരികയായിരുന്നു ചെയ്തിരുന്നത്. ജൂലൈ 16-ാം തീയതി വ്യാഴാഴ്ചയായപ്പോഴേക്കും സ്റ്റഡ് തീർത്തും ബലഹീനനായി. ഹൃദയമിടിപ്പ് താഴ്ന്ന് വന്നുകൊണ്ടേയിരുന്നു. രാത്രി 10.30 ആയപ്പോഴേക്കും അവസാനമായി "ഹല്ലേലുയ്യാ, ദൈവത്തിന് മഹത്വം'' എന്നു പറഞ്ഞു. ദൈവത്തിന്റെ ഇന്നിംഗ്സ് തികച്ച ആ വിശ്വാസ വീരനെ ദൈവം സ്വർഗ്ഗ കവാടങ്ങൾ തുറന്ന് തന്റെ മാറിൽ ചേർക്കുകയായിരുന്നു. വ്യാഴാഴ്ച രാത്രി തന്നെ തങ്ങൾ സ്നേഹിച്ച, തങ്ങളെ സ്നേഹിച്ച വെള്ളക്കാരന്റെ നിശ്ചല ശരീരം ഒരുനോക്കു കാണുവാൻ അന്നാട്ടിലെ കാട്ടുജാതിക്കാരായ ഗോത്രവർഗ്ഗക്കാർ ഏകദേശം രാണ്ടായിരത്തോളം പേർ കുടിലുകൾ വിട്ടിറിങ്ങി. സ്റ്റഡിന്റെ മൺ കുടിലിനുമുന്നിൽ താൻ തന്നെ തയ്ച്ച "വിശുദ്ധ സൈനീകൻ'' എന്നെഴുതിയ പതാകയിൽ മൂടിയ ശരീരം കണ്ടപ്പോൾ അവർ വാവിട്ട് കരഞ്ഞുപോയി. വെള്ളിയാഴ്ച തന്റെ ശരീരം അവിടെ തന്നെ അടക്കം ചെയ്തപ്പോൾ കറുത്ത വർഗ്ഗക്കാരുടെ കണ്ണുനീർ വീണ മൺതരികൾ പോലും പ്രലപിച്ചു. നരഭോജികളായ തങ്ങളുടെ ജീവിതങ്ങൾക്ക് മാറ്റം വരുത്തിയ സ്റ്റഡിന്റെ ഓർമ്മകൾ അയവിറക്കിയത് ഹൃദയസ്പർശകമായി തീർന്നു. അനേകർ അപ്പോൾ തന്നെ സ്റ്റഡിന്റെ കർത്താവിന്റെ ക്രൂശിൽ രക്ഷക്കായി അഭയം ചൊല്ലുകയും, മറ്റനേകം പേർ നഷ്ടപ്പെട്ട ആത്മാക്കളെ തേടുന്ന മിഷനറിമാരായി പോകുവാൻ തീരുമാനമെടുക്കുകയും ചെയ്തു. സ്റ്റഡിന്റെ കുടിലിനോടു ചേർന്ന് തേങ്ങിക്കരഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ജനം ദിവസങ്ങൾ നീങ്ങിയതുപോലും ശ്രദ്ധിച്ചില്ല. കണ്ണുനീർ തൂകിയ അവരുടെ പ്രാർത്ഥനകൾക്കും, സ്തോത്രങ്ങൾക്കും വിരാമമായത് ഞായറാഴ്ചത്തെ ആരാധനക്കുശേഷമാണ്.

ദൈവ സ്നേഹവും, സ്വർഗ്ഗീയ ദർശനവും ലോക സ്നേഹിയായ ഒരു വ്യക്തിയിൽ എത്രത്തോളം മാറ്റം വരുത്തും എന്നതിന് ചാൾസ് തോമസ് സ്റ്റഡ് മാതൃകയാണ്. ലോകപ്രകാരം പ്രശസ്തിയുടേയും, സമ്പന്നതയുടേയും മടിത്തട്ടിൽ ജീവിതം നയിക്കാമായിരുന്ന സ്റ്റഡ്, തന്നെ സ്നേഹിച്ച ദൈവത്തെ മുഖാമുഖം ദർശിച്ചപ്പോൾ അനശ്വരമായ നിത്യതക്കുവേണ്ടി ലോകത്തെ പാടേ ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവനായി തീർന്നു.



സി.റ്റി. സ്റ്റഡ് തന്റെ ആത്മീക ജീവിതത്തിന്റെ മഹത്വകരമായ പ്രകടനം കാഴ്ചവെച്ച് ശുശ്രൂഷയുടെ ബാറ്റ് നമ്മുടെ കരങ്ങളിൽ ഏൽപ്പിച്ചിട്ട് മഹത്വത്തിൽ കരേറിപോയിട്ട് 80 ൽ അധികം വർഷമായിരിക്കുന്നു. തന്നിൽനിന്ന് പ്രചോദനം ഉൾകൊണ്ട് അനേകം മിഷനറിമാർ ലോകത്തിന്റെ ആത്മീകാന്ധകാര പ്രദേശങ്ങളിലേക്ക് സുവിശേഷവുമായി യാത്രയായി. എങ്കിലും ടെഡ്വർത്തിലെ കൊട്ടാരത്തിൽ ജനിച്ച് ആഫ്രിക്കയിലെ കുടിലിൽ മരിച്ച് ആഫ്രിക്കൻ നരഭോജികളുടെ ഹൃദയത്തിൽ രാജാവായി വാണ സ്റ്റഡിനോളം ലോക ചരിത്രത്തെ ക്രിസ്തുസനേഹത്താൽ മുറുക്കി കെട്ടിയ ത്യാഗിയായ ദൈവ ഹൃദയമുള്ളവൻ മറ്റാരും ഉണ്ടായിട്ടില്ല.

യേശുക്രിസ്തുവിന്റെ വരവിങ്കൽ കോംഗോയുടെ അപരിഷ്കൃതമായ മണ്ണിൽനിന്ന് തേജസ്സുപ്രാപിച്ച ശരീരത്തോടെ ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ നിൽക്കുമ്പോൾ, അവനോടൊപ്പം ഒരു വലിയ പുരുഷാരവും കാണും. അന്ന് മാത്രമേ നമുക്ക് സ്റ്റഡിന്റെ ജീവിതത്തിന് ദൈവം കല്പിച്ച വില പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.






"ഒരേയൊരു ജീവിതം അത് വേഗം തീർന്നുപോകും, ക്രിസ്തുവിനുവേണ്ടി ചെയ്തുതുമാത്രം നിലനിൽകും." എന്ന സ്റ്റഡിന്റെ വിശ്വപ്രസിദ്ധമായ വാക്കുകൾ നമ്മുടെ ഭൗതീക ജീവിതത്തിന്റെ തെരഞ്ഞെടുപ്പുകൾക്ക് പ്രചോദനവും, അളവുകോലുമായി തീർന്നിരുന്നെങ്കിൽ.

**ഗ്ലാഡ്സൺ പാറയിൽ**
gladsonparayil@gmail.com







ക്രിക്കറ്റ് ബ്രദേഴ്സ്



കേംബ്രിഡ്ജ് സെവൻ
ചൈനയിലേക്ക് സുവിശേഷവുമായി

മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം






ജനിച്ച് വളർന്ന
ടെഡ് വർത്ത് ഭവനവും,
ജീവിച്ച് മരിച്ച
ആഫ്രിക്കയിലെ
കുടിലും



ടെഡ് വർത്ത് ഭവനം
ഇപ്പോൾ




ഇംബ്ബാബിയിലെ
അന്ത്യവിശ്രമം



## സ്റ്റഡിന്റെ ചിന്തോദ്ദീപകങ്ങളായ വാക്കുകൾ.

❒ ക്രിക്കറ്റ് നിലനിൽക്കുകയില്ല. അത് നൽകുന്ന പദവിയോ, പ്രശസ്തിയോ നിലനിൽക്കുകയില്ല. ഈ ലോകം നൽകുന്നത് ഒന്നും തന്നെ നിലനിൽക്കുന്നതല്ല. വരുവാനുള്ള രാജ്യത്തിനുവേണ്ടി ജീവിക്കുക. അത് മാത്രമാണ് നിലനിൽക്കുന്നത്.

❒ യേശുക്രിസ്തുവാണ് ആദ്യ വിദേശ മിഷനറി. അവൻ സ്വർഗ്ഗത്തിലെ സകല മഹത്വവും വെടിഞ്ഞ്, ശാപം നിറഞ്ഞ ഭൂമിയിലേക്ക് സുവിശേഷവുമായി കടന്നുവന്നു.

❒ ഒരേയൊരു ജീവിതം. അത് വേഗം തീർന്നുപോകും. ക്രിസ്തുവിനുവേണ്ടി ചെയ്തതുമാത്രം നില നിൽക്കും.

❒ പ്രഭാതത്തിൽ നിങ്ങൾക്ക് ക്രിസ്തുവിനെ കണ്ടുമുട്ടാൻ കഴിഞ്ഞാൽ ദിവസത്തിന്റെ ശേഷിച്ച സമയത്ത് സാത്താനെ കണ്ടുമുട്ടേണ്ടി വരികയില്ല.

❒ രൂപാന്തരപ്പെട്ട ഏതുജീവിതത്തിലും, ഹൃദയത്തിലും പാപത്തോടുള്ള വെറുപ്പും നീതിക്കുവേണ്ടിയുള്ള അതിശക്തമായ ആഗ്രഹവും ഉണ്ടാകും. ക്രിസ്തുവിന്റെ ആത്മാവ് വിശുദ്ധിയുടേയും, ത്യാഗത്തിന്റേയും, സേവനത്തിന്റേയും ആത്മാവാണ്.

❒ സുവിശേഷവുമായി ലജ്ജയോടെ പോകരുത്. ഒരിക്കലും ഭയപ്പെടരുത്. ധീരതയോടെ സുവിശേഷം പ്രസംഗിക്കുക. ദൈവത്തിന്റെ കൊടി ഈ ഭൂമിയിൽ ഒരിക്കലും താഴ്ത്തികെട്ടരുത്.അത് ഉയർത്തിപ്പിടിക്കുക. അതിന് ഒരിക്കലും അപമാനം വരുത്തിവയ്ക്കരുത്. വലിയ വിജയങ്ങൾ നേടാനുള്ള സൈനീകന്റെ മുഖ ത്തോടെ നിങ്ങൾ മുമ്പോട്ട് പോകുക.

❒ അനേകർ പള്ളിമണികേൾക്കത്തക്ക ദൂരത്ത് ക്രിസ്തീയ ജീവിതം നയിക്കാൻ കൊതിക്കുന്നു. എന്നാൽ ഞാൻ, ആത്മാക്കളെ നരക തീയിൽ നിന്ന് രക്ഷിക്കുവാൻ അതിന്റെ വാതിൽക്കൽ സുവിശേഷവു മായി നിൽക്കുന്നു.

